2834
18/2/21

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി — 2019 പ്രളയം - കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ, നിടിയേങ്ങ അംശം കാവുമ്പായി ദേശത്ത്, മാവില ചത്തോത്ത് ഹൗസിൽ ശ്രീ. എം.സി. നാരായണന് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **663/2021/റവ.** തിരുവനന്തപുരം, തീയതി, 12.02.2021.

പരാമർശം:- 1. 17.08.2019-ലെ സ.ഉ. (കൈ) നം. 22/2019/ദു.നി.വ.
2. 27.10.2020-ലെ കണ്ണൂർ ജില്ലാ കളക്ടറുടെ DCKNR/142/2020/DM1 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിലെ നിടിയേങ്ങ അംശം കാവുമ്പായി ദേശത്ത്, മാവില ചത്തോത്ത് ഹൗസിൽ താമസിക്കുന്ന ശ്രീ. എം.സി. നാരായണൻ നമ്പ്യാർ, എന്നയാളുടെ വീടിന് 2019 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ, 75 ശതമാനത്തിൽ കൂടുതൽ നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുള്ളതും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നടത്തിയ സർവ്വേയിൽ വീട് നിലനിന്നിരുന്ന പ്രദേശം വാസയോഗ്യമല്ലെന്ന് കണ്ടെത്തുകയും ടിയാളുടെ ഭാര്യയുടെ പേരിൽ കേരളത്തിൽ എവിടെയും ഭൂമി ഇല്ലാത്തതിനാലും സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് കണ്ണൂർ ജില്ലാകളക്ടർ പരാമർശം 2-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1-ലെ ഉത്തരവ് പ്രകാരം പ്രളയത്തിൽ പൂർണ്ണമായും തകരുകയോ അല്ലെങ്കിൽ വാസയോഗ്യമല്ലാതായതോ (75%-ൽ അധികം) ആയ വീടുകളുടെ ഉടമസ്ഥർക്ക് ഭൂമി വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ തളിപ്പറമ്പ് താലൂക്കിൽ അംശം കാവുമ്പായി ദേശത്ത്, മാവില ചത്തോത്ത് ഹൗസിൽ താമസിക്കുന്ന ശ്രീ. എം.സി. നാരായണൻ നമ്പ്യാർക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. 6 ലക്ഷം രൂപയിൽ കുറവാണ് സ്ഥലം വാങ്ങുന്നതിന് ചെലവാകുന്നതെങ്കിൽ ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് തിരിച്ചടക്കുവാനായി ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന 6,00,000/- രൂപ (ആറ് ലക്ഷം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന

ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൽ,സന്തോഷ് കുമാർ. ടി.കെ.,
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, കണ്ണൂർ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol-k-N

സെക്ഷൻ ഓഫീസർ.